# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 5733 | 29.07.2015 ൽ മറുപടിയ്ക്ക്

## അസിസ്റ്റന്റ് ജിയോളജിസ്റ്റിനെ സബ് ഇൻസ്പെക്ടർ കയ്യേറ്റം ചെയ്തു

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കോലിയക്കോട് എൻ കൃഷ്ണൻ നായർ | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) അനധികൃതമായി ധാതു കടത്തുന്ന വാഹനങ്ങൾ പിടിച്ചെടുക്കുന്ന ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ ഏർപ്പെട്ട മൈനിംഗ് & ജിയോളജി വകുപ്പിലെ അസിസ്റ്റന്റ് ജിയോളജിസ്റ്റിനെ 4-02-2015-ൽ മണ്ണന്തല സബ് ഇൻസ്പെക്ടർ കയ്യേറ്റം ചെയ്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) മൈനിംഗ് & ജിയോളജി വകുപ്പിലെ അസിസ്റ്റന്റ് ജിയോളജിസ്റ്റിനെ മണ്ണന്തല എസ്.ഐ കൈയ്യേറ്റം ചെയ്തതായി ആരോപിച്ചുകൊണ്ട് ഒരു പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇതുമായി ബന്ധപ്പെട്ട് അസിസ്റ്റന്റ് ജിയോളജിസ്റ്റ് സർക്കാരിലും , തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർക്കും നൽകിയ പരാതിയിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ; | (ബി) ഈ പരാതികളിൻമേൽ തിരുവനന്തപുരം സിറ്റി പോലീസ് മേധാവി അസിസ്റ്റന്റ് കമ്മീഷണർ കൺട്രോൾറൂമിനും, അസിസ്റ്റന്റ് കമ്മീഷണർ കന്റോൺമെന്റിനും അന്വേഷണത്തിനായി നൽകിയിട്ടുള്ളതും ആയത് പ്രകാരം അന്വേഷണം നടത്തിയിട്ടുള്ളതുമാണ്. |
| (സി) ഈ പരാതിയുമായി ബന്ധപ്പെട്ട് എഫ്.ഐ.ആർ.രജിസ്റ്റർ ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (സി) ഇല്ല. |
| (ഡി) ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ; | (ഡി) മേൽ പരാതികളിൻമേൽ അന്വേഷണം നടത്തിയതിൽ പരാതിക്കാരനെ എതിർ കക്ഷിയായ മണ്ണന്തല പോലീസ് സബ് ഇൻസ്പെക്ടർ അസഭ്യം പറയുകയോ , കൈയ്യേറ്റം ചെയ്യുകയോ, ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ തടസം ചെയ്യുകയോ ചെയ്തിട്ടില്ല എന്നും മറ്റ് നേരിട്ടെടുക്കാവുന്ന കുറ്റങ്ങൾ ടിയാന്റെ ഭാഗത്ത് നിന്നും ഉണ്ടായിട്ടില്ല എന്നും വെളിവായിട്ടുള്ളതിനാൽ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തിട്ടില്ല. |

(ഇ) ഇതുമായി ബന്ധപ്പെട്ട് വകുപ്പുമേധാവിയും, ആഭ്യന്തര സെക്രട്ടറിയും നൽകിയ കത്തിൻമേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(ഇ) സ്വീകരിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ അന്വേഷണം നടത്തി അനന്തര നടപടികൾ സ്വീകരിക്കുന്നതിന് തിരുവനന്തപുരം സിറ്റി ജില്ലാ പോലീസ് മേധാവിക്ക് നിർദ്ദേശം നൽകുകയും തിരുവനന്തപുരം സിറ്റി പോലീസ് കൺട്രോൾ റൂം പോലീസ് അസിസ്റ്റന്റ് കമ്മീഷണർ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുമുണ്ട്.

സെക്ഷൻ ഓഫീസർ